

ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളിയിൽ ദൈവദാസൻ ബിഷപ് തോമസ് കുര്യാളശേരിയുടെ രൂപതാ തലത്തിലെ നാമകരണപരിപാടിയുടെ സമാപനശുശ്രൂഷയ്ക്കുശേഷം ആർച്ച്ബിഷപ് മാർ ജോസഫ് പവ്വത്തിൽ റോമിലേക്ക് അയയ്ക്കുന്ന തെളിവുകളും മറ്റും അടങ്ങുന്ന പെട്ടി മുദ്രവയ്ക്കുന്നു. ഫാ. ലൂക്കോസ് വിത്തുവട്ടിക്കൽ, ഫാ. തോമസ് സ്രാമ്പിക്കൽ, ഫാ. മാത്യു മഠത്തിപ്പറമ്പിൽ എന്നിവർ സമീപം. —മനോരമ

# നാമകരണം: ആദ്യഘട്ടം പൂർത്തിയായി

ചങ്ങനാശേരി: രൂപതയുടെ പ്രഥമ മെത്രാനും ആരാധനാ സന്യാസിനീ സമൂഹത്തിന്റെ സ്ഥാപകനുമായ ദൈവദാസൻ തോമസ് കുര്യാളശേരിയുടെ രൂപതാ തലത്തിലുള്ള നാമകരണ നടപടികൾ, അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്ന മെത്രാപ്പോലീത്തൻ പള്ളിയിൽ നടന്ന ഭക്തിനിർഭരമായ കർമങ്ങളോടെ സമാപിച്ചു.

ആർച്ച്ബിഷപ് മാർ ജോസഫ് പവ്വത്തിലിന്റെ മുഖ്യ കാർമികത്വത്തിലും കോതമംഗലം ബിഷപ് മാർ ജോർജ് പുന്നക്കോട്ടിൽ, ജമ്മു - കശ്മീർ ബിഷപ് മാർ ഹിപ്പോളിറ്റസ് കുന്നുങ്കൽ എന്നിവരുടെ സഹ കാർമികത്വത്തിലും അതിരൂപതയിലെ നിരവധി വൈദികരുടെ സഹകരണത്തിലും ആയിരുന്നു ദിവ്യബലി.

കുർബാനമധ്യേ മാർ ജോർജ് പുന്നക്കോട്ടിൽ ദൈവദാസന്റെ ജീവിതവിശുദ്ധിയെ വിലയിരുത്തി. പിന്നീടു തിരുക്കർമങ്ങളുടെ ക്രമീകരണങ്ങൾ ഫാ. ലൂക്കോസ് വിത്തുവട്ടിക്കൽ (പോസ്റ്റുലേറ്റർ) വിശദീകരിച്ചു.

ദൈവദാസന്റെ തിരുശേഷിപ്പുകൾ അടക്കംചെയ്ത 10 ചെറിയ പെട്ടികൾ അൾത്താരയിൽ മദ്ബഹായോടു ചേർത്ത് ഇരുവശങ്ങളിലായി പ്രത്യേക പീഠങ്ങളിൽ വച്ചു.

തുടർന്നു നാമകരണ കോടതി ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിലിന്റെ അധ്യക്ഷതയിൽ കൂടി ഇതു സംബന്ധിച്ചുള്ള വിശദീകരണങ്ങൾ ആവശ്യപ്പെട്ടു. യഥാവസരം ബന്ധപ്പെട്ട വൈദികരിൽനിന്നു മറുപടി ലഭിച്ചതിനെ തുടർന്നു പെട്ടികൾ പത്തും ഔദ്യോഗികമായി മുദ്രവച്ചു. പെട്ടിയുടെ ഉള്ളടക്കം ഗവ. തലത്തിൽ വീക്ഷിക്കുന്നതിനു കോട്ടയം ഡപ്യൂട്ടി കലക്ടർ കെ. എം. ഏബ്രഹാം എത്തിയിരുന്നു. മെത്രാപ്പോലീത്തൻ പള്ളി വികാരി ഫാ. ജോസഫ് എരുമച്ചാടത്ത് നന്ദി പറഞ്ഞു.

പിന്നീടു സെന്റ് ജോസഫ്സ് ഓഡിറ്റോറിയത്തിൽ നടത്തിയ സ്നേഹവിരുന്നിൽ 'ദിവ്യകാരുണ്യ ജ്വാല' എന്ന ഗ്രന്ഥത്തിന്റെ പ്രകാശനം ജമ്മു-കശ്മീർ ബിഷപ് മാർ ഹിപ്പോളിറ്റസ് നിർവഹിച്ചു. എസ്. ബി. കോളജ് പ്രിൻസിപ്പൽ ഫാ. ജോർജ് മഠത്തിപ്പറമ്പിൽ പ്രസംഗിച്ചു.

കുര്യാളശേരി കുടുംബാംഗങ്ങൾ ഉൾപ്പെടെ ഒട്ടേറെ ഭക്തജനങ്ങൾ ചടങ്ങിൽ പങ്കുകൊണ്ടു.